D3AML2205 (2 Pages) Name............................
Reg.No..........................

**THIRD SEMESTER M.A DEGREE EXAMINATION, NOVEMBER 2022**

മലയാളം

**FMAL3E09:** മലയാള നാടകം

**Time: 3 Hours** **Maximum Weightage: 30**

**Part A: 1** മുതൽ **7** വരെയുള്ള ചോദ്യങ്ങളിൽ **4** എണ്ണത്തിന് ഉത്തരം എഴുതുക**.** ഓരോന്നിനും **2** വെയ്റ്റേജ് വീതം**.**

1. 'പുത്ര ദു:ഖത്തിൽ നിന്നുണ്ടാകുന്ന അഗ്നിയിൽ അവിടത്തെ പ്രാണൻ ഹവിസ്സെന്നപോലെ ദഹിയ്ക്കാതിരിക്കട്ടെ' സന്ദർഭം വിശദമാക്കുക.
2. 'നമ്പൂതിരിയെ മനുഷ്യനാക്കുക ' - എന്ന ആശയം മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്ന നാടകം വിനിമയം ചെയ്യുന്നതെങ്ങനെ?
3. സി.എൻ ശ്രീകണ്ഠൻ നായരുടെ നാടകത്രയം പരിചയപ്പെടുത്തുക.
4. പരീക്ഷണ നാടകത്തിന്റെ പൊതു സവിശേഷതകൾ കണ്ടെത്തുക.
5. നാടക രചനയിലെ പുതിയ ആഖ്യാനതന്ത്രങ്ങളെ വന്നന്ത്യേ കാണാം എന്ന നാടകത്തെ മുൻനിർത്തി വിലയിരുത്തുക.
6. ലേബർ റൂം എന്ന നാടകം വിനിമയം ചെയ്യുന്ന സാമൂഹിക സാഹചര്യങ്ങൾ വിലയിരുത്തുക.
7. മഹാകവി പി. യെ കേളു നാടകത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ?

**(4 × 2 = 8** വെയ്റ്റേജ്**)**

**Part B: 8** മുതൽ **14** വരെയുള്ള ചോദ്യങ്ങളിൽ **4** എണ്ണത്തിന് **4** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **3** വെയ്റ്റേജ് വീതം**.**

8. ജന്മിത്തത്തിന്റെ തകർച്ചയും മുതലാളിത്തത്തിന്റെ വളർച്ചയുമാണ് പാട്ടബാക്കി നാടകത്തിൽ അവതരിപ്പിച്ചിരിക്കുന്നത് - അഭിപ്രായത്തിന്റെ സാധുത പരിശോധിയ്ക്കുക..
9. പരിചയപ്പെടുത്തുക.ആട്ടപ്പണ്ടാരങ്ങൾ, പാട്ടു പരിഷകൾ -
10. ദരിദ്ര നാടക വേദിയുടെ സവിശേഷതകൾ താജിന്റെ ഇന്നേടത്ത് ഇന്നവൻ എന്ന നാടകത്തെ മുൻ നിർത്തി കണ്ടെത്തുക.
11. "ഇതാണ് ശരിക്കും ഊരാക്കുടുക്ക് മാസത്തിന് ഇതൊന്ന് ഒഴിവാക്കാമായിരുന്നു" - പ്രസ്തുതം വിശദമാക്കുക.

12. " അധികാമം കൊണ്ട് അന്ധനായ സ്ത്രീജി തന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല." ലക്ഷ്മണന്റെ വാക്കുകൾ ധ്വനിപ്പിക്കുന്നതെന്തെല്ലാം?

13. മറിയാമ്മ നാടകത്തിന്റെ സമകാലിക പ്രസക്തി വ്യക്തമാക്കുക.

14. ' ഇതി ഭൂമിയാണ് ' എന്ന നാടക ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തുക.

**(4 × 3 = 12** വെയ്റ്റേജ്**)**

**(PTO)**

**Part C: 15** മുതൽ **18** വരെയുള്ള ചോദ്യങ്ങളിൽ **2** എണ്ണത്തിന് **6** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **.** അഞ്ച് വെയ്റ്റേജ് വീതം

15. ലോക നാടക വേദി മലയാള നാടകവേദിയെ സ്വാധീനിച്ചതെങ്ങനെ? ഉദാഹരണത്തിലൂടെ വ്യക്തമാക്കണം.

16. ജി.ശങ്കരപ്പിള്ളയ്ക്ക് മലയാള നാടക വേദിയിലുള്ള സ്ഥാനം ഭരതവാക്യത്തെ മുൻ നിർത്തി ഉപന്യസിക്കുക.

17. മലയാളത്തിലെ സ്ത്രീ പക്ഷ നാടകങ്ങൾ പരിചയപ്പെടുത്തുക.

18. മലയാള നാടകവേദിയുടെ ചരിത്രത്തിൽ സ്ഥാനം പിടിച്ച വിവിധ നാടക പ്രസ്ഥാനങ്ങളെ പരിചയപ്പെടുത്തുക.

**(2 × 5 = 10** വെയ്റ്റേജ്**)**